"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 136(1) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻസ് 62, 63-ൽ വ്യതിയാനം അനുവദിച്ച് ശിരോപരി ലൈനിന് താഴെ ഗാർഹിക ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/POWER തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023.
2. സ.ഉ.(എം.എസ്.) നം.7/2024/പവർ തീയതി: 21.10.2024.
3. ശിരോപരി ലൈനിന് അടിയിൽ കെട്ടിട നിർമ്മാണത്തിന് വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.07.2025 തീയതിയിലെ യോഗ നടപടിക്കുറിപ്പ്.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 22.10.2025, 06.01.2026 തീയതികളിലെ CEI/5751/2024-B4 നമ്പർ കത്തുകൾ.

**ഉത്തരവ്**

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഉണ്ടെങ്കിലും റെഗുലേഷൻ 136 (1) പ്രകാരം വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 2. പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ പരാമർശം 3.ലെ യോഗതീരുമാനം പ്രകാരം മേൽ

റെഗുലേഷൻസിലെ റെഗുലേഷൻ 63-ൽ അനുശാസിക്കുന്ന നിശ്ചിത ലംബഅകലം ഉള്ളതും ഗാർഹിക ആവശ്യത്തിനുള്ളതുമായ കെട്ടിട നിർമ്മാണത്തിനായുള്ള ചുവടെ പട്ടികയിലുള്ള 35 അപേക്ഷകർക്ക്ടി റെഗുലേഷൻസ് 62, 63-ൽ വ്യതിയാനം അനുവദിച്ച് അനുമതി നൽകുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 4. പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | ജില്ല | ലൈനും ലൈനിൽ നിന്നുള്ള ലംബ അകലവും |
|---|---|---|---|
| 1 | ശ്രീമതി.സാറാമ്മ പി.ജി & അന്നമ്മ പി.ജി. | കോട്ടയം | 220 കെ.വി, 7.95 മീ. |
| 2 | ശ്രീ.രാജീവ് കെ നാരായണൻ | കോട്ടയം | 66 കെ.വി., 6.35 മീ. |
| 3 | ശ്രീമതി.ഗീത കുമാരി | തിരുവനന്തപുരം | 110 കെ.വി, 6.10 മീ. |
| 4 | ശ്രീ.രമണൻ സി.കെ & ശ്രീമതി സൗദാമിനി കെ.കെ. | കോട്ടയം | 220 കെ.വി, 13.34 മീ. |
| 5 | ശ്രീ.മധു പി.വി. | കോട്ടയം | 110 കെ.വി, 6.6 മീ. |
| 6 | ശ്രീ.നന്ദു ഒ.എസ് | തൃശ്ശൂർ | 110 കെ.വി, 7.30 മീ. |
| 7 | ശ്രീ.രാജൻ എം.ആർ | തൃശ്ശൂർ | 110 കെ.വി, 7.14 മീ. |
| 8 | ശ്രീ.ഔസേപ്പ് | തൃശ്ശൂർ | 110 / 220 കെ.വി, 10.83 മീ. |
| 9 | ശ്രീ.സജീഷ് വി.വി. | തൃശ്ശൂർ | 110 കെ.വി, 11.35 മീ. |
| 10 | ശ്രീ.ബാബു ഇ & ശ്രീമതി.രാഗിണി എൻ.പി | കോഴിക്കോട് | 110 കെ.വി, 12.04 മീ. |
| 11 | ശ്രീ.നസീർ ഇ.കെ. | കോഴിക്കോട് | 220 കെ.വി, 14.4 മീ. |
| 12 | ശ്രീമതി.താഹിറ ബീവി & ആരിഫ ബീവി | തിരുവനന്തപുരം | 110 കെ.വി, 6.55 മീ. |
| 13 | ശ്രീ.ജേക്കബ് പി.ജെ | ഇടുക്കി | 220 കെ.വി., 14.8 മീ. |
| 14 | ശ്രീ.അബ്ദുൾ റഷീദ് | എറണാകുളം | 220 കെ.വി.,6.7 മീ. |
| 15 | ശ്രീമതി.ആസ്യ | മലപ്പുറം | 400 കെ.വി., 14.54 മീ. |
| 16 | ശ്രീമതി.കദീജ കെ.ടി. | മലപ്പുറം | 110 കെ.വി., 18.97 മീ. |
| 17 | ശ്രീമതി.ശൈലജ | മലപ്പുറം | 220 കെ.വി, 8.55 മീ. |
| 18 | ശ്രീമതി.സതി കെ | കോഴിക്കോട് | 110 കെ.വി, 7.85 മീ. |
| 19 | ശ്രീ.നിധിലേഷ് പി.കെ. | കോഴിക്കോട് | 110 കെ.വി, 9.75 മീ. |
| 20 | ശ്രീ.ഷനീഷ് സി. | കോഴിക്കോട് | 110 കെ.വി, 9 മീ. |
| 21 | ശ്രീ.ചന്ദ്രൻ ഒ.സി. | കോഴിക്കോട് | 110 കെ.വി, 7.6 മീ. |
| 22 | ശ്രീ.അബൂബക്കർ & | കോഴിക്കോട് | 110 കെ.വി., 11.65 മീ. |

| | | | |
|---|---|---|---|
| | ശ്രീമതി.സുബൈദ | | |
| 23 | ശ്രീമതി.ഷിമി എൻ.എ. | ആലപ്പുഴ | 66 കെ.വി., 6.0 മീ. |
| 24 | ശ്രീ.അക്ബർ പി വി | കോഴിക്കോട് | 110 കെ.വി., 9.65 മീ. |
| 25 | ശ്രീ.സജീവൻ സി.എസ് & ശ്രീമതി.ഷെജില പി. | കോഴിക്കോട് | 110 കെ.വി., 10 മീ. |
| 26 | ശ്രീ.രാജീവ് എം. | കൊല്ലം | 66 കെ.വി., 7.7 മീ. |
| 27 | സലില മനോജ്, അനന്യ മനോജ് & തങ്കമ്മ | എറണാകുളം | 110 കെ.വി., 8.97 മീ. |
| 28 | ശ്രീ.അനീഷ് സി.എസ്.,& ശ്രീമതി.ഹസീന എം.കെ. | എറണാകുളം | 220 കെ.വി., 8.17 മീ. |
| 29 | ശ്രീ.പ്രകാശ് കുമാർ എസ് | ആലപ്പുഴ | 220/110 കെ.വി, 23.015/7.852 മീ. |
| 30 | ശ്രീ.സാബു എം.കെ. | തൃശ്ശൂർ | 110 കെ.വി, 18.97 മീ. |
| 31 | ശ്രീ.ലോഹിതാക്ഷൻ പി.ടി. | കോഴിക്കോട് | 220 കെ.വി., 10.5 മീ. |
| 32 | ശ്രീ.കറുപ്പസ്വാമി | കോട്ടയം | 220 കെ.വി., 12.65 മീ. |
| 33 | ശ്രീ.മുരുകൻ | കൊല്ലം | 110 കെ.വി., 16.15 മീ. |
| 34 | ശ്രീ.എം.ജോർജ്ജ്കുട്ടി | കൊല്ലം | 110 കെ.വി., 9.56 മീ. |
| 35 | ശ്രീ.സുനിൽ ദാസ് എം.എസ്. | എറണാകുളം | 66 കെ.വി., 5.15 മീ. |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെൻട്രൽ ഇലക് ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി റെഗുലേഷനിലെ റെഗുലേഷൻ 136 (1) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചു കൊണ്ട് ടി റെഗുലേഷൻസ് അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി, റെഗുലേഷൻ 63 അനുശാസിക്കുന്ന നിശ്ചിത ലംബഅകലം ഉള്ളതും ഗാർഹിക ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന മേൽ പട്ടികയിലെ അപേക്ഷകർക്ക് ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശിരോപരി ലൈനുകൾക്ക് അടിയിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്ന അപേക്ഷകർ പരാമർശം (1) റെഗുലേഷൻസ്-ലെ റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിക്കുകയും ടി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തുകയും ചെയ്തിട്ടുണ്ടോ/ ചെയ്യുന്നുണ്ടോ എന്ന വിഷയം ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക് ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

4. ശിരോപരി വൈദ്യുതി ലൈനിന്റെ താഴെ കെട്ടിട നിർമ്മാണം നടത്തുന്നത് സ്ഥലം ഉടമയുടെ / കെട്ടിടം നിർമ്മിക്കുന്ന വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ആണെന്നും ഇപ്രകാരം ഭാവിയിൽ കെട്ടിടം ഉപയോഗിക്കുന്ന അവസരത്തിൽ ഈ ലൈൻ നിമിത്തം ജീവനോ സ്വത്തിനോ പിന്നീട് എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും വൈദ്യുതി വിതരണ കമ്പനിക്കോ വൈദ്യുതി ലൈനിന്റെ ഉടമയ്ക്കോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിനോ പരാമർശം (2) പ്രകാരം രൂപികരിച്ച കമ്മിറ്റിക്കോ ഇക്കാര്യത്തിൽ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്നും ഈ വിഷയം സംബന്ധിച്ച് സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പോ വൈദ്യുതി വിതരണ കമ്പനികളോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതാണെന്നുമുള്ള സത്യപ്രസ്താവന ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അപേക്ഷകരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ജോയിന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ബന്ധപ്പെട്ട ജില്ലകൾ (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്./എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ)വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Manoj S
Date: 14-01-2026 14:24:34

സെക്ഷൻ ഓഫീസർ